മലയാള മനോരമ 12 January 2017

# സിഎംഎഫ്ആർഐ തീരനൈപുണ്യ പദ്ധതിയിൽ 28 സ്ത്രീകൾക്കു പരിശീലനം

കൊച്ചി • മൽസ്യത്തൊഴിലാളി സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക ശാക്തീകരണത്തിനു വഴിയൊരുക്കുന്ന തീരനൈപുണ്യ പദ്ധതിയിൽ 28 വനിതകൾക്കു സിഎംഎഫ്ആർഐ പരിശീലനം നൽകി. ഉപരിപഠനം, തൊഴിൽ, വ്യക്തിത്വ വികസനം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളിലായിരുന്നു രണ്ടുമാസത്തെ പരിശീലനം.

മൽസ്യത്തൊഴിലാളി കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെയാണ് തീരനൈപുണ്യ പദ്ധതി നടപ്പിലാക്കിയതെന്നു ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

തൊഴിൽ നേടാനും സാമ്പത്തിക സ്വാശ്രയത്വം കൈവരിക്കാനുമുതകുന്ന രീതിയിൽ കഴിവുകൾ വികസിപ്പിക്കുന്ന തരത്തിലാണ് പരിശീലന പരിപാടി സംവിധാനം ചെയ്തതെന്ന് സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റും തീരനൈപുണ്യ പദ്ധതിയുടെ കോഴ്സ് ഡയറക്ടറുമായ ഡോ. ശ്യാം എസ്. സലീം പറഞ്ഞു.

പരിശീലനത്തിനു ശേഷമുള്ള തുടർപ്രവർത്തനങ്ങളിലും തൊഴിലന്വേഷണങ്ങളിലും പദ്ധതിയിൽ പങ്കാളികളായവർക്കു സിഎംഎഫ്ആർഐയുടെ സഹായമുണ്ടാകുമെന്നും അദ്ദേഹം അറിയിച്ചു.